# പൂമ്പാറ്റ



ഗവ . ഹൈസ്കൂൾ ഒറ്റപ്പാലം ഈസ്റ്റ്

# ദേശീയ ഗാനം

ജനഗണമന അധിനായക ജയഹേ

ഭാരത ഭാഗ്യവിധാതാ,

പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ

ദ്രാവിഡ ഉത്ക്കല ബംഗാ,

വിന്ധ്യഹിമാചല യമുനാഗംഗാ,

ഉച്ഛ്വല ജലജിതരംഗാ,

തവശുഭനാമേ ജാഗേ,

തവശുഭ ആശിഷ മാഗേ,

ഗാഹേ തവ ജയ ഗാഥാ,

ജനഗണമംഗലദായക ജയഹേ

ഭാരത ഭാഗ്യവിധാത.

ജയഹേ, ജയഹേ, ജയഹേ,

ജയ ജയ ജയ ജയഹേ!

# ആശംസ

കാലം മാറുന്നതിനനുസരിച്ച ലോകവും മാറുന്നു ലോകം പുതിയ പുത്തൻ സാങ്കേതിക വിദ്യകൾ ഉദയം കൊള്ളുന്നു .കടലാസിന്റെ സ്ഥാനം ഇന്ന്കമ്പ്യൂട്ടറുകൾ ഏറ്റെടുത്തിരിക്കു ന്നു.

ഈ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് തയ്യാറാക്കിയ എല്ലാവിധ ഭാവങ്ങളും നേരുന്നു.

ഒറ്റപ്പാലം എന്ന്

20/01/2020 പ്രധാന അധ്യാപകൻ



## ഉള്ളടക്കം

ദേശീയ ഗാനം......1
ആശംസ......2
വിദ്യാഭ്യാസം അന്നും ഇന്നും......4
പല വർണ്ണക്കാർ......7
യാത്രാ വിവരണം......8
പി. കുഞ്ഞിരാമൻ നായർ......10
കരുതാം നന്മകൾ......12
കുട്ടിക്കാലം......13
അഹിംസ ശീലമാക്കാം......14
അമ്മമ്മ......15
തൊട്ടാവാടി......18
വി.ടി. ഭട്ടതിരിപ്പാട്......19
ചെണ്ടുമല്ലി......20
എന്റെ അനുഭവക്കുറിപ്പ്......21
ഞാൻ......22
എന്റെ കണ്ണുനീർ......23
മൗനത്തിന്റെ താഴ്വര......24
കൈറ്റ് അംഗങ്ങള്......25

# വിദ്യാഭ്യാസം അന്നും ഇന്നും

ഭൂമിയിൽ പിറന്നു വീഴുന്ന ഓരോരുത്തരുടെ ജന്മാവകാശമാണ് ഇന്ന് അക്ഷരങ്ങൾ. എന്നാൽ അവർക്ക്  അക്ഷരലോകം നിഷേധിച്ചിരുന്ന ഒരു കാലഘട്ടം. ഉണ്ടായിരുന്ന കേരളത്തിൽ. നമ്മുടെ പൂർവ്വികർ അത്തരം വിലക്കുകളെ മറികടന്ന് സാർവത്രിക വിദ്യാഭ്യാസം എന്ന അവകാശം നേടിയെടുക്കുകയായിരുന്നു

ഗുരുകുല സമ്പ്രദായത്തിലുള്ള വിദ്യാഭ്യാസമായിരുന്നു കേരളത്തിൽ ആദ്യകാലത്ത് നടപ്പാക്കിയിരുന്നത്. തുടർന്ന് എഴുത്താശാന്മാർ നടത്തിയ എഴുത്തു പള്ളിക്കൂടങ്ങളുടെ വരവായി. ഗുരുകുല സമ്പ്രദായത്തിൽ  ഗുരുവിന്റെ വീട്ടിൽ താമസിച്ചു പഠിക്കുന്നതായിരുന്നു രീതി. എഴുത്തു പള്ളിക്കൂടങ്ങളിൽ ആദ്യാക്ഷരങ്ങൾ നിലത്തെഴുതിയാണ് പഠിച്ചിരുന്നത്. പൂർവികരുടെ ആ

രീതികൾ ഇന്ന് സ്മരണകൾ മാത്രമാണ് സ്ലേറ്റും പുസ്തകവും ബുക്കും മാത്രമല്ല. ഇന്ന് കമ്പ്യൂട്ടറുകളും എഴുതാനും വായിച്ചു പഠിക്കാനുമുള്ളതായി മാറയിരിക്കുന്നു ഇംഗ്ലീഷുകാരുടെ വരവോടെയാണ് വിദ്യാഭ്യാസം സാർവത്രികമായിത്തുടങ്ങിയത് അവർ സമുദായങ്ങൾ നവവോത്ഥാനകാലത്ത് നടത്തിയ സമരങ്ങൾ  അതിന് ആക്കം കൂട്ടി. ഇന്ന് ഏതു ജാതിമതസ്ഥർക്കും വിദ്യാഭ്യാസം ലഭിക്കുന്നുണ്ട്.

സ്ത്രീകൾക്ക് വിദ്യാഭ്യാസം നല്കാതിരുന്ന ഒരു കാലഘട്ടവും കേരളത്തിലുണ്ടായിരുന്നു. ഋതുമതിയായ പെൺകുട്ടികളെ തുടർന്നു പഠിപ്പിക്കാത്തകാലത്തിലൂടെയും നമ്മുടെ പൂർവികർ കടന്നുപോയിട്ടുണ്ട്. എന്നാൽ ഇന്ന് സ്ത്രീകൾക്കും സമ്പൂർണ വിദ്യാഭ്യാസം സ്വാതന്ത്ര്യം  ഉണ്ടെന്നു മാത്രമല്ല. സർവകലാശാലാ വൈസ് ചാൻസലർ പദവിയിൽ വരെ സ്ത്രീകൾ എത്തിപ്പെട്ടു  കഴി ഞ്ഞിരിക്കുന്നു.

പൂർവികർക്ക് ഇല്ലാതിരുന്നതും

എന്നാൽ നമുക്കിന്ന്  സുലഭവുമായ കാര്യം

വിദ്യാഭ്യാസം തെരെഞ്ഞടുക്കാനുള്ള സ്വതന്ത്ര്യമാണ്

പണ്ടൊക്കെ ഭാഷ.സാഹിത്യം.ശാസ്ത്രം തുടങ്ങിയ

വിഷയങ്ങളിലെ പൊതുവായ പഠനം മാത്രണ്

ഉണ്ടായിരുന്നത്. എന്നാൽ ഇന്ന് സാഹിത്യശാസ്ത്ര്

സാങ്കേതിക വിഷയങ്ങളുടെ ആയിരക്കണക്കിന്

മേഖലകളിൽ ഓരോ വ്യക്തിക്കും കടന്നു ചെല്ലാൻ വൻ

അവസരമാണൊരുക്കുന്നത്.

മുമ്പുകാലത്ത് അപൂർവം

വിദ്യാലയങ്ങൾ മാത്രമേ ഉണ്ടായിരുന്നിള്ളു. ഒരു

താലൂക്കിൽ ഒരു വിദ്യാഭ്യാസ സ്ഥാപനം പോലും

ഇല്ലാതിരുന്ന കാലഘട്ടമുണ്ട്. അതുകൊണ്ട് ഏറെ

കഷ്ട്പ്പെട്ടാണ് പലർക്കും പഠിക്കേണ്ടിവന്നിരുന്നത്.
എന്നാൽ ഇന്ന് നാടൊട്ടുക്കും

വിദ്യാഭ്യാസ്ഥാപനങ്ങളുടെ. എ

ഞ്ചിനിയറിം.മെഡിക്കൽ മേഖലകളുടെ കാര്യം തന്നെ

നോക്കാം. ഈ രംഗത്ത് കഴിഞ്ഞ ഒരു ദശത്തിനിടയിൽ വൻ കുതിപ്പാണ് സംഭവിച്ചിട്ടുള്ളത്

**സഫ്ന നസറിൻ**

# പല വർണ്ണക്കാർ

ചില്ലയിലിരിക്കും തത്തമ്മയ്ക്ക്
ഉണ്ടേ നല്ല പച്ച നിറം
കോക്കര കൂവും പൂകോഴിക്ക്
ഉണ്ടേ നല്ല ചെമപ്പ് നിറം
ചാടി നടക്കും തവളച്ചാർക്ക്
ചേലുള്ളൊരു മഞ്ഞ നിറം
മീറേ റാഞ്ചും പൊന്മാനിന്ന്
കടുകടുത്ത നീല നിറം
കാകാ കരയും കാക്കമ്മയ്ക്ക്
മിന്ന മിന്നത്ത കറുപ്പ് നിറം
പമ്മി നടക്കും പൂച്ചമ്മയ്ക്ക്
മഞ്ഞു പോലെ വെള്ളനിറം

പാറി നടക്കും പൂമ്പറ്റയ്ക്ക്

പലപല നിറങ്ങൾ അഴകായി

**റുസൈന.എം.വി**

# *യാത്രാ വിവരണം*

ഞാനും എന്റെ കുടുംബവും കൂടി അതിരപ്പള്ളിയിലേക്ക് പോയി . നല്ല അനുഭവമായിരുന്നു . വള്ളച്ചാട്ടം കാണാൻ പോയപ്പോൾ ഞാൻ ആ പാറയിൽ കയറി നിന്നു അപ്പോൾ ഒരു ശബ്ദം കെട്ട് നോക്കിയാപ്പോൾ ഒരു പോലീസ് എന്നെ ചീത്തപറഞ്ഞു ഞാൻ പേടിച്ചു എന്നിട്ട് വണ്ടിയിലേക്ക് കയറാൻ പറഞ്ഞപ്പോൾ നിറയെ കുരങ്ങൻമാർ എന്റെ അനിയന്റെ മിക്സ്ചർ തിന്നു അവിടെ നിലത്ത് പരത്തി പോയി അവൻ കര ഞ്ഞു. ഞങ്ങൾക്ക് തരാതെ അവൻ എടുത്തു വച്ചതായിരുന്നു . അതുകൊണ്ട് കരഞ്ഞു എല്ലാവരും ചിരിച്ചു . എന്നിട്ട് അവൻക്ക് വെറെ മിക്സ്റ്റ്ർ

വെടിച്ചുകൊട്ടുത്കത്തു അവൻ ഓറ്റക്ക് തിന്നു ഞാൻ ചോദിച്ചപ്പോൾ അവൻ തന്നില്ല എന്നിട്ട് വണ്ടി ഒരു ഹോട്ടലിൻ നിർത്തി ഞാങ്ങൾ ഭക്ഷണം കഴിച്ചു എന്നിട്ട് യാത്ര തുടങ്ങി ഞാൻ ഒരു വാച്ച് പുതിയതായിരുന്നു ഞാങ്ങൾ ആന തൊട്ടിലിൽ പോയി അവിടെ നിറയെ ആനകളെ കണ്ടു എനിക്ക് പെടിയായി ആ പെപ്രളത്തിൽ എന്റെ വച്ച് തഴെ വിണു പോയി അത് കാണതയി എനിക്ക് സംവിഷമംമായി അപ്പോൾ എന്റെ താത്തപറഞ്ഞു ആ ആനകൾ എടുത്തുവെക്കും ഞാൻ ഒരു കഥയിൽ കണ്ടിടുണ്ട് എന്ന് പറഞ്ഞു അപ്പോൾ സമതനംമായി ഈ അനുഭവം മറക്കാൻ കഴിയത  ഒരു അനുഭവമാണ് ഈ താണ് എന്റെ യാത്ര വിവരണം

**നൈഷാന.എ**

# പി. കുഞ്ഞിരാമൻ നായർ.

[1905-1978]

**ജീവചരിത്രക്കുറിപ്പ്**

1905 ഒക്ടോബർ 4-ന് ജനിച്ചു .സ്കൂൾ
അധ്യാപകനായി
സേവനമനുഷ്ടിച്ചു .കേരളീയമായ ബിംബങ്ങളെ
കാവ്യലോകത്ത്
പ്രതിഷ്ഠിച്ചു. ഓണത്തിനെക്കുറിച്ചു വിഷുവിനെക്കുറിച്ചു
പാടിയ കവി. ഭക്തകവി എന്ന നിലയിൽ പ്രസിദ്ദൻ.
കാവ്യാലങ്കാരങ്ങൾ
ഗദ്യത്തില് ചാലിച്ച കവിയുടെ കാല്പ്പാടുകൾ എന്ന
ആത്മകഥ
പ്രസിദ്ദമാണ്. പാശ്ചാത്യ നാഗരികതയോട് കഠിന
വിദ്വേഷം.
കൽപ്പറ്റ ഭാരതീയ സംസ്കാരത്തോടും ശുദ്ദമായ
കേരളീയ സംസ്കാരത്തോടും ഉദാത്തമായ
ഭക്തി,ഭൗതിക ചിന്താഗതിയെക്കുറിച്ച് നിറഞ്ഞ
അനാദരം.കലാമൂല്യത്തെപ്പററി
പുരോഗമന സാഹിത്യകാരന്മാർ പ്രകടിപ്പിച്ച
ആശയങ്ങളിൽ

കടുത്ത പ്രതിഷേധം. ഇവയായിരുന്നു
അദ്ദേഹത്തിന്റെ
സ്ഥായിയായ ഭാവങ്ങൾ. ശ്രീരാമചരിതം,കളിയച്ഛൻ,
(കേന്ദ്ര സാ ഹിത്യ അക്കാദമി
അവാർഡ്),താമരത്തോണി (കേന്ദ്ര സാഹിത്യ
അക്കാദമി അവാർഡ്) തുടങ്ങിയവയാണ് കൃതികൾ
.1978
മേയ് 27 ന് ചരമമടഞ്ഞു.

**റുസൈന.എം.വി**

# കരുതാം നന്മകൾ

മലയും കുന്നുമിടിക്കരുതേ
മാമരമൊന്നും കളയരുതേ
പുഴയെക്കുരുതി കൊടുക്കരുതേ
തണ്ണീർത്തടമതു നികത്തരുതേ
അരുതരുതിങ്ങനെ കാട്ടരുതേ
പ്രകൃതിക്കരിശം നിൽക്കട്ടെ
മഴവെള്ളത്തെത്തടയട്ടെ
പുഴയതു നന്നായൊഴുകട്ടെ
വെള്ളം കടലിൽ ചേരട്ടെ
പ്രകൃതിയെ സ്നേഹിച്ചീടുകിലേ
മാന വിനിവിടെ വാണീടാം
പ്രകൃതിയെ ദ്രോഹിച്ചിടുകിലേ
ഒക്കെ നശിക്കാനിടയാവും
കരുതിയിരിക്കുക സോദരരേ
കരുതാം നന്മകൾ നാളേക്കായ്

**റുസൈന എം വി**

# കുട്ടിക്കാലം

പോയി മറയുന്ന കാലങ്ങൾ വീണ്ടും ഞാൻ ഓർതെടുക്കന്നു ആ കുട്ടികാലത്തിന്റെ സുഗന്ധവും സൗന്ദര്യവും ആർത്തുല്ലസിച്ച നമ്മൾ പൊകെ,കണ്ണീരോടെ ഞാൻ പൊകെ ഒർത്തുപോകുന്നു ഞാൻ ഇനിയുണ്ടാകുമോ ആ സുന്ദരനിമിഷം ഇനിയുണ്ടാകുമോ ആ നല്ല ബാല്യം ഒരു തുണ്ട് വാഴയില്ലയിൽ നിന്നു മഴ നനഞ്ഞത്ഓർത്തുപോകുന്നു ഞാൻ എൻെറ ബാല്യം.

**നൈഷാന**

# അഹിംസ ശീലമാക്കാം

ഒക്ടോബർ രണ്ട് ഗാന്ധിജയന്തി ദിനമാണ്.അന്നു തന്നെയാണ് അന്താരാഷ്ട്ര അഹിംസാ ദിനവും ഗാന്ധിജയന്തി സേവന ദിനമായാണ് നാം അറിയുന്നത്.മുഖ്യമായും വിദ്യാലയവും പരിസരവും ശുചിയാക്കുന്ന പ്രവർത്തനമാണ് അന്നു നടത്താറുള്ളത്.അന്നുമാത്രം മതിയോ?ഇത്തരം ദിനാചരണങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചും നാം ചിന്തിക്കേണ്ടതില്ലേ?ഗാന്ധിജി നമുക്ക് നാം നല്കുന്നത് വലിയ പാഠങ്ങളാണ് ലോകത്തിലെ ഏറ്റവും വലിയ സാമ്രാജ്യത്തെ സഹനസമരം കൊണ്ടു മുട്ടുകുത്തിച്ച മഹാത്മാവാണദ്ദേഹം അഹിംസയായിരുന്നു ഗാന്ധിജിയുടെ മുഖ്യ സമരായുധം.എന്താണ് അഹിംസ എന്നറിയാമോ നിങ്ങൾക്ക്?

ഒന്നിനേയും ആരെയും അനാവശ്യമായി വേദനിപ്പിക്കാതിരിക്കുക,ദ്രോഹിക്കാതിരിക്കുക എന്നാണ് അഹിംസ കൊണ്ട്

ഉദ്ദേശിക്കുന്നത്.സ്വാതന്ത്ര്യസമരത്തിൽ ഗാന്ധിജി ഇക്കാര്യം ജനങ്ങളെ നിരന്തരം ഉണർ ത്തിയിരുന്നു.അത്കൊണ്ടു തന്നെ വലിയ രക്തച്ചൊരിച്ചിലില്ലാതെ ,നാശനഷ്ടങ്ങളില്ലാതെ നമുക്കു സ്വാതന്ത്ര്യം നേടിയെടുക്കാൻ കഴിഞ്ഞു ഇന്ന് ലോകത്തെങ്ങും ഗാന്ധിജിയുടെ ജന്മദിനം അഹിംസാദിനമായി ആചരിക്കുന്നത് ആ നേട്ടത്തിൻെ റ അടിസ്ഥാനത്തിലാണ്. കൂട്ടുകാർ ക്കറിയാമോ,അഹിംസാ സിദ്ധാതം നമ്മുടെ വിശ്വാസത്തിന്റെ ഒരു ഭാഗം കൂടിയാണ്.അതങ്ങനെയെന്നോ?നമ്മുടെ മുത്തു നബി(സ) മാണ് അഹിംസ സന്ദേശം ലോകത്തിനു നൽകിയ ഏററവും മഹാനായ ഗുരു.നബി(സ) ഒരാളേയും മാനസികമായോ ശാരീരികമായോ ച്ചിരുന്നില്ല.വേദനിപ്പിദ്രോഹിച്ചിരുന്നില്ല.

# അമ്മമ്മ

അമ്മമ്മ എന്ന കഥാപാത്രത്തെ കുറിച്ചാണ് എഴുതുന്നത്
ആ അമ്മയുടെ മനസ്സിലെ ഭിത്തിയിൽ പതി
ഞ്ഞകിടക്കുകയാണ് ഒരോ ഓർമ്മകളും കരച്ചിൽ
വട്ടുകെട്ടിയ മുഖമായിരുന്നു.ഉറഞ്ഞു കൂടിയ സങ്കടങ്ങൾ
അലിഞ്ഞൊഴുകാൻ തുടങ്ങി.അമ്മമ്മയുടെ
പൊന്നുമക്കളെ
ലാളിചല്ലെ വളർത്തിയത് ഇനി അവർക്ക് അമ്മയും
അഛനും ഇല്ല എന്ന സങ്കടങ്ങൾ വെരാതെ
ഇരിക്കാനാണ് ആ അമ്മമ്മയുടെ
സങ്കടങ്ങൾ.മൂന്ന് മക്കളുണ്ട് ഭാരം താങ്ങാൻ
ക്കഴിയാത്തത് കൊണ്ട് മൂത്ത മകനെ ഹോസ്റ്റലിൽ
ചെർക്കാൻ പോയത് അമ്മമ്മക്ക് വിടാൻ തോന്നില്ല
ചേർത്താൻ പോയപ്പോൾ തേവിത്തേവി വറ്റിപോയ
കിണറാണ് മുമ്പിൽ.ആ അമ്മമ്മക്ക് ആകെ ഒരു
മക്കളെ ഉള്ളു അവളുടെ ഭർത്താവ് തികഞ്ഞ
മദ്യപാനിയായിരുന്നു. കലഹിച്ച ജീവിതത്തിൽ നിന്നു

തന്നെയാണ് മൂന്നു കുട്ടികളും പിറന്നത്. ലാളിച്
വളർത്തിയ തന്റെ മക്കളെ ഒന്നും ജോലി വിട്ടില്ല. ആ
അമ്മമ്മയുടെ മനസ്സിൽ ഒരു സങ്കടവും ഉണ്ട് ഇനി
എന്റെ ഈ കുട്ടികൾ വെല്യതായി വെലിയ നിലയിൽ
ആയാൽ അമ്മമയെ തള്ളി ചൗട്ടി പുറത്തേക്ക്
ആക്കിക്കുറെ ചീത്ത പറഞ്ഞ് ജോലി ചെയ്യപ്പിച് പറ
ഞായക്കുമോ എന്ന് ഇക്കാലത്ത് ഇങ്ങത്തെ കുറെ
പേരുകൾ ഉണ്ട് അവർക്ക് അറിയില്ലല്ലൊ എത്ര കഷ്
ട്ടപെട്ട് വലിയ നിലയിൽ ആക്കിയത് എന്ന്.

**ഷംന ഷിറിൻ**

# തൊട്ടാവാടി

മുള്ളുകൾ ഉണ്ടായിട്ടും തൊട്ടാവാടി
എപ്പോഴും വാടി നിൽകുന്നത്
മറ്റും പൂക്കളെ പോലെ വിരിഞ്ഞു
നിൽക്കാൻ അറിയാഞ്ഞിട്ടല്ലാ
മറിച്ച് തൊട്ടാവാടി സ്നേഹിക്കുന്നവരെ
സന്തോഷിക്കട്ടെ എന്ന് കരുതിയിട്ടാ

**ഷംന ഷിറിൻ**

# വി. ടി. ഭട്ടതിരിപ്പാട്

**(1896 – 1982)**

വെള്ളിത്തിരുത്തിത്താഴത്ത് രാമൻ ഭട്ടതിരിപ്പാട് അങ്കമാലി കിടങ്ങൂരിൽ ജനനം. സാമൂഹിക പരിഷ്കർത്താവ് നാടകകൃത്ത് എന്നീ നിലകളിൽ പ്രസിദ്ധൻ. അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് (നാടകം) ,കണ്ണീരും കിനാവും, കർ-മ്മവിപാകം, വെടിവട്ടം, രജനീരംഗം, സത്യം എന്നത് ഇവിടെ മനുഷ്യനാകുന്നു തുടങ്ങിയവയാണ് പ്രധാന കൃതികൾ. കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്.

**ഷംന ഷിറിൻ**

# ചെണ്ടുമല്ലി

## വിവരണം

ഞാനാണ് ചെണ്ടു മല്ലി .
എന്നെ നിങ്ങക്ക് ഒരുമിക്ക വീടുകളിലും കാണാൻ കഴിയും . എനിക്ക് മഞ്ഞ, ഓാറഞ്ച് ചുവപ്പ് എന്നീ നിറങ്ങളുണ്ട്. എന്നെ പൂമാലകൾ നിർമിക്കുമ്പോഴാണ് കുടുതൽ ഉപയോഗിക്കാറുള്ളത്.

ഞാൻ ആദ്യം മൂന്നോ നാലോ ദിവസങ്ങളിൽ മൊട്ടായിരികുകയും പിന്നീട് രാത്രിയിൽ വിരിയുകയാണുള്ളത്. വിരിഞ്ഞതിന് ശേഷം ദിവസങ്ങളോളം വാടാതെ ചെടിയിൽ തന്നെ നിൽക്കും പിന്നീട് ഞാൻ പാടുകയും കൊഴിയുകയും ചെയ്യും. അങ്ങനെ ഞാൻ ഒരു വിത്തായി മാറും...

നൈഷാന

# എന്റെ അനുഭവക്കുറിപ്പ്

ഞാൻ ഒരു ദിവസം ഒറ്റപ്പാലം ബസ്റ്റാന്റിൽ നിൽക്കുകയായിരുന്നു. അവിടെ വൃദ്ധയായ കാലോണ്ട് നടക്കാൻ പറ്റാത്ത സ്ത്രീയെ കണ്ടു. ബസ്റ്റാന്റിൽ ഭയങ്കര തിരക്കായിരുന്നു. ഞങ്ങൾക്ക് പോവേണ്ട ബസ്സ് വന്നിട്ടില്ല. അപ്പോഴാണ് ആ സമയത്ത് ആ വയ്യാത്ത സ്ത്രീ ബസ്സിൽ കയറുവാൻ ബുദ്ധിമുട്ടുന്നത്. ബസ്സിന്റെ സ്റ്റെപ്പ് ഉയരം കൂടിയതിനാൽ എങ്ങനെ നോക്കിട്ടു സ്ത്രീക്ക് കിയറുവാൻ സാധിക്കുന്നില്ല. ഞാൻ അവിടെ നിൽക്കുമ്പോൾ ഒന്നു പോയി സഹായിച്ചാലോ എന്ന് എന്റെ

മനസ്സ് പറയുന്നുണ്ടായിരുന്നു. ആദ്യം ഒന്ന് മടിച്ചെങ്കിലും ഞാൻ പോയി ആ സ്ത്രീയെ ബസ്സിൽ കയറ്റി സഹായിച്ചു. അപ്പോൾ ബസ്സിലെ

ഡ്രൈവർ എന്റെ എടുത്ത് പറഞ്ഞു നല്ല കുട്ടി എന്ന്. അത് കേട്ടപ്പോൾ എന്റെ മനസ്സിൽ ഭയങ്കര സന്തോഷം തോന്നി. ഞാൻ അവിടെ നിന്നിട്ടുണ്ടെങ്കിൽ ആ സ്ത്രി എന്തു ചെയ്യുമായിരുന്നു എന്ന് വിജാരിച്ചു. ആ സ്ത്രി എന്റെ തലയിൽ തടവി എന്നെ അനുഗ്രഹിച്ചു.

എന്റെ ജീവിതത്തിൽ മറക്കാൻ പറ്റാത്ത സന്തോഷം നിറഞ്ഞ നിമിഷമായിരുന്നു അന്ന്. ഇതാണ് എന്റെ അനുഭവം. ഷംന ഷിറിൻ

# ഞാൻ

കടലോളം സ്നേഹവും ഉണ്ട്

ആരോടും പറയാത്ത കുറെ

സങ്കടങ്ങളും ഉണ്ട് പിന്നെ

ആർക്കും മനസിലാക്കാൻ

പറ്റാത്ത ഒരു മനസ്സും

ഉണ്ട് അതോക്കെ തന്നെയാ

ഈ ഞാൻ

**ഷംന ഷിറിൻ**

# എന്റെ കണ്ണുനീർ

മഷിയാൽക്കറുപ്പിച്ച എന്റെ
രണ്ടു കണ്ണുകളിലും വളരെ
അധികം ദൂരത്തായി ഒരു
വറ്റാത്ത പുഴയുണ്ട് അതാണ്
എന്റെ കണ്ണുനീർ എങ്കിലും
ഞാൻ കരയുന്നത് നിങ്ങൾക്ക്
ഒരിക്കലും കാണാൻ പറ്റുകയില്ല.....

**ഷംന ഷിറിൻ**

# മൗനത്തിന്റെ താഴ്വര

എനിക്ക് ചിന്തകളിൽ
ഭ്രാന്ത് പൂക്കുമ്പോൾ
എന്റെ മൗനത്തിന്റെ
താഴ്വരയിലേക്ക് ഞാൻ
യാത്ര പോകും.....

# കൈറ്റ് അംഗങ്ങൾ

മുഹമ്മദ് ഫമീസ് കെ

ഫത്തിമ റിൻഷ കെ

മുഹമ്മദ് ഹിയാസ് എ

മുഹമ്മദ് അക്മൽ പി വി

ഹിജാസ് സഫ്വവാൻ കെ

മുഹമ്മദ് നിസാമുദീൻ പി വി

മുഹമ്മദ് ആദിൽ സി

റസിയ വി കെ

ഫർസാന കെ

കൃപേഷ് കെ കെ

നറുൽ ഹിസാന എം കെ

മാജിദാ എം എം

അഭിഷേക് കെ കെ

ഫത്തിമ ഷഹല പി വി

അസീൽ റഹ്മാൻ എം എ

**ഷഹനാസ് എ കെ**

**ഫത്തിമ ഹിബ പി**

**അബൂബക്കർ സിദ്ദീക് എം**

**മുഹമ്മദ് നസീമുദ്ദിൻ പീ വി**

**കാജാഹുസൈൻ പി**

**ഷംന ഷെറിൻ എം**

**ഐശര്യ പി എം**

**വിമൽ കുമാർ കെ**

**ഹരിതാ പി**